**പതിമൂന്നാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1250

12.07.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്.

**<u>വിദ്യാർത്ഥി-യുവജന സമരം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.ഉമ്മൻ ചാണ്ടി. (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിദ്യാഭ്യാസ മേഖലയിലെ വിവിധ വിഷയങ്ങൾ ഉന്നയിച്ച് യുവാക്കളും വിദ്യാർത്ഥികളും നടത്തിയ സമരപരിപാടികളിൽ എവിടെയെല്ലാം പോലീസ് ലാത്തിചാർജുകളുണ്ടായി ട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | തിരുവനന്തപുരം സിറ്റിയിൽ പോലീസിനു നേരെ രൂക്ഷമായി കല്ലേറ് നടത്തി പോലീസിന്റെ ആജ്ഞയെ ധിക്കരിച്ച അക്രമാസക്തരായ സമരക്കാരെ പാളയം ഓൾഡ് വാർ ഭാഗത്തും സ്റ്റാച്യുവിലും ലാത്തി വീശിയും, ജലപീരങ്കിയും, ടിയർഗ്യാസ്/ ഗ്രനേഡുകൾ ഉപയോഗിച്ചും പിരിച്ചുവിട്ടിരുന്നു. |
| (ബി) | ഈ ലാത്തി ചാർജുകളിൽ പോലീസ് വിദ്യാർത്ഥികളേയും യുവാക്കളേയും ലാത്തി, ടിയർ ഗ്യാസ് ഷെൽ, ഗ്രനേഡ്, ജലപീരങ്കി എന്നിവ ഉപയോഗിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | ആർക്കും ഗുരുതരമായി പരിക്കേറ്റിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ ഇതു നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ; | | |

(ഡി) സംസ്ഥാനത്താകെ ഇത്തര ത്തിലുള്ള ലാത്തിചാർജുകളിൽ പരിക്കേറ്റ് എത്ര വിദ്യാർത്ഥി കളേയും യുവാക്കളേയും ആശുപത്രികളിൽ പ്രവേശി പ്പിച്ചിട്ടുണ്ട് ?

(ഡി) പോലീസ് നടത്തിയ ജലപീരങ്കി പ്രയോഗത്തിലും ഗ്രനേഡ്, കണ്ണീർവാതക പ്രയോഗത്തിലും ലാത്തിവീശിയതിലും വച്ച് ചിതറിയോടി വീണും തമ്മിൽ കൂട്ടിയിടിച്ചും മറ്റും പരിക്കു പറ്റിയ 49-ഓളം പേർ ആശുപത്രിയിൽ പ്രവേശിച്ച് ചികിത്സ തേടിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.